**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5016** — **01-11-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സേവനങ്ങളുടെ പോരായ്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇ-പേയ്മെന്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിവിവരങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ലെന്നത് ഗൗരവമായി പരിഗണിക്കുമോ; | (എ) | ഇ-പേയ്മെന്റ് പോർട്ടൽ മുഖാന്തിരം റവന്യൂ സേവനങ്ങൾ വിനിയോഗിക്കുന്ന ഉപഭോക്താക്കൾക്ക് തങ്ങളുടെ ഭൂവിവരങ്ങൾ ഇ-പേയ്മെന്റ് സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ കൃത്യമാണോ എന്നും പരിശോധിക്കുന്നതിന് റവന്യൂ ഇ സർവ്വീസസ് പോർട്ടലിൽ സൗകര്യമുണ്ട്. ടി വിവരങ്ങളിൽ പിശകുകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ അറിയിക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസർ രേഖകൾ ഒത്തുനോക്കി വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നതാണ് |
| (ബി) | ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിലെ പോരായ്മകൾ അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇ-പേയ്മെന്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂവിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി റവന്യൂ സേവനങ്ങൾ വിനിയോഗിക്കുന്ന പരമാവധി ആളുകളെ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിന് വില്ലേജ് ഓഫീസുകളിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് വൺ ടൈം സർട്ടിഫിക്കേഷൻ. ഓൺലൈൻ ആയി നികുതി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതിനു ശേഷം നാളിതുവരെ ഓൺലൈൻ ആയോ വില്ലേജ് ഓഫീസിൽ നേരിട്ടെത്തിയോ ഭൂനികുതി ഒടുക്കുവരുത്താത്ത വ്യക്തികളുടെ വിവരം വൺടൈം സർട്ടിഫിക്കേഷൻ സംവിധാനത്തിന്റെ ഭാഗമായി വില്ലേജ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുകയും ടി വിവരങ്ങൾ വില്ലേജ് ഓഫീസർ പരിശോധിച്ച് ടി ആൾക്കാരുടെ ഭൂനികുതി കുടിശ്ശിക കണക്കാക്കി ഓൺലൈൻ ആയിത്തന്നെ ഭൂനികുതി ഒടുക്കുവരുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുന്നു. ഭൂനികുതി കുടിശ്ശിക കണക്കാക്കുന്നതിനോടൊപ്പം വില്ലേജ് ഓഫീസർ ഭൂവിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുകയും നാളതീകരിക്കുകയും ചെയ്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ഈ സംവിധാനത്തിലൂടെ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് പിരിഞ്ഞു കിട്ടേണ്ട ഭൂനികുതി സംബന്ധിച്ച കണക്ക് ലഭ്യമാക്കി ടി വിവരം കക്ഷികളെ അറിയിച്ച് ഭൂനികുതി കുടിശ്ശിക പിരിവ് ഊർജിതമാക്കുവാനും സാധിക്കുന്നു. |
| (സി) | ഇ- പേയ്മെന്റ് പോർട്ടലിൽ സബ് നമ്പർ ചേർത്തിട്ടില്ലാത്തതിനാൽ അക്ഷയ കേന്ദ്രങ്ങളിൽ ഭൂനികുതി അടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (സി) | ഇ - പേയ്മെന്റ് പോർട്ടലിൽ സബ് നമ്പർ ചേർത്തിട്ടില്ലാത്തതിനാൽ അക്ഷയ കേന്ദ്രങ്ങളിൽ ഭൂനികുതി അടയ്ക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും സബ് ഡിവിഷൻ നമ്പറുകൾ ഉൾപ്പെടെയുള്ള ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും സബ് ഡിവിഷൻ നമ്പറുകൾ ഉൾപ്പെടെയുള്ള ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്. ഡേറ്റാ എൻട്രിയിലെ പിശകുകൾ പരിശോധിച്ച് കൃത്യത വരുത്തുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ